**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **10-08-2023 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡിലെ സേവന-വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡിലെ ഭൂരിഭാഗം ജീവനക്കാർക്കും ആറുമാസത്തിലധികമായി ശമ്പളം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള ബാധ്യത പൂർണ്ണമായും അതാത് ക്ഷേത്രങ്ങൾക്കാണുള്ളത്. നിബന്ധനകൾക്ക് വിധേയമായി ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള സാമ്പത്തിക സഹായം മാത്രമാണ് ബോർഡ് നൽകി വരുന്നത്. നിലവിലെ വ്യവസ്ഥ അനുസരിച്ച് മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ മുഴുവൻ ശമ്പളവും, ഇരുപത്തഞ്ച് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രവരുമാനത്തിന്റെ (അസസ്സബിൾ വരുമാനം) അമ്പത് ശതമാനവും ശമ്പളത്തിനായി ചെലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യ ശമ്പള കുടിശ്ശികയായി സർക്കാർ ഗ്രാൻഡ് ഉപയോഗിച്ച് മലബാർ ദേവസ്വം ബോർഡിൽ നിന്നും നൽകിവരുന്നു. മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽ നിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് സാലറി ഹെഡിൽ അനുവദിക്കുന്ന തുകയിൽ നിന്നാണ് ഇപ്രകാരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിച്ചു വരുന്നത്. ഉയർന്ന വരുമാനമുള്ള (25 ലക്ഷത്തിന് മുകളിൽ) ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിന് ബോർഡിന് ബാധ്യതയില്ല.<br><br>മലബാർ ദേവസ്വം ബോർഡിന് നടപ്പ് സാമ്പത്തിക വർഷത്തിൽ (2023-2024) ശമ്പള - ശമ്പളേതര ഇനങ്ങളിലായി വകയിരുത്തിയ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ മലബാർ ദേവസ്വം ബിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ |

| | | | |
|---|---|---|---|
| | | | നിയമമാകുന്നതോടെ ശമ്പളത്തിൽ ഏകീകരണം ഉണ്ടാകുന്നതാണ്. |
| (ബി) | പ്രസ്തുത ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും ഇതിൽ എത്രയെണ്ണം സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളാണെന്നും വ്യക്തമാക്കുമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1403 ക്ഷേത്രങ്ങളാണുള്ളത്. ഇതിൽ 7 ക്ഷേത്രങ്ങൾ സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളാണ്. |
| (സി) | സ്വന്തമായി വരുമാനം ഇല്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ഉറപ്പാക്കുന്ന രീതിയിൽ സർക്കാർ സഹായം നൽകുവാൻ തയ്യാറാകുമോ; വിശദാംശം നൽകാമോ; | (സി) | നിലവിലെ വ്യവസ്ഥ അനുസരിച്ച് വരുമാനം കുറവായ ക്ഷേത്രങ്ങളിലെ (മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ) ജീവനക്കാരുടെ മുഴുവൻ ശമ്പളവും, ഇരുപത്തഞ്ച് ലക്ഷം രൂപയിൽ താഴെ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രവരുമാനത്തിന്റെ (അസസ്സബിൾ വരുമാനം) അമ്പത് ശതമാനം ശമ്പളത്തിനായി ചെലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യയും സർക്കാർ ഗ്രാൻഡ് ഉപയോഗിച്ചാണ് മലബാർ ദേവസ്വം ബോർഡിൽ നിന്നും നൽകിവരുന്നത്.<br><br>നടപ്പ സാമ്പത്തിക വർഷത്തിൽ (2023-2024) ശമ്പള - ശമ്പളേതര ഇനങ്ങളിലായി വകയിരുത്തിയ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മറ്റു ദേവസ്വം ബോർഡുകളിൽ ഉള്ളതിനേക്കാൾ വളരെ കുറഞ്ഞ സേവന-വേതന വ്യവസ്ഥകളാണ് നിലവിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ മുഴുവൻ ദേവസ്വം ബോർഡ് ജീവനക്കാർക്കും ഒരേരീതിയിലുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്. മറ്റു ദേവസ്വം ബോർഡുകളിൽ നിന്ന് വ്യത്യസ്തമായ സേവന വേതന ഘടനയാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾക്കുള്ളത്. മലബാർദേവസ്വം ബോർഡിന് കീഴിലെ ഓരോ ക്ഷേത്രവും ഓരോ ട്രസ്റ്റിമാരുടെ കീഴിൽ വ്യതിരിക്തമായാണ് നിലകൊള്ളുന്നത്. ആകയാൽ മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നാണ് ശമ്പളം നൽകി വരുന്നത്. ആയതിനാൽ തന്നെ ക്ഷേത്രങ്ങളുടെ വരുമാനം അനുസരിച്ച് ക്ഷേത്രങ്ങളെ 5 വിവിധ ഗ്രേഡുകളാക്കി തിരിച്ച് (സൂപ്പർ ഗ്രേഡ്, ഗ്രേഡ് I, II, III, IV) ഓരോ ഗ്രേഡിലേയും ക്ഷേത്രങ്ങളുടെ വരുമാനം അടിസ്ഥാനപ്പെടുത്തി ശമ്പള ചെലവ്, വരുമാനത്തിന്റെ പരിധിക്കുള്ളിൽ നിലനിർത്താൻ സാധിക്കത്തകവിധമുള്ള, വ്യത്യസ്ത ശമ്പള സ്കെയിലുകളാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.<br><br>എന്നാൽ മലബാർ ദേവസ്വം ബിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്നതോടെ ശമ്പളത്തിൽ ഏകീകരണം ഉണ്ടാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മുഴുവൻ ദേവസ്വം ബോർഡ് ജീവനക്കാർക്കും ഒരേ രീതിയിലുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ